## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4435 | 13.11.2019-ൽ മറുപടിക്ക്

## ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ ആദിവാസികളെ സംബന്ധിച്ച് സ്ഥിതി വിവരറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | എ) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധപ്പെടുത്തിയ സാമൂഹ്യ സ്ഥിതി വിവര കണക്കുകൾ അനുസരിച്ചാണ് വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. 2013-ൽ പ്രസിദ്ധീകരിച്ച സാമൂഹിക സാമ്പത്തിക സർവ്വേ ഡാറ്റാ കാലഹരണപ്പെട്ടതിനാലും പദ്ധതി ആസൂത്രണ ത്തിന് നിലവിലെ സ്ഥിതി വിവരങ്ങൾ അനിവാര്യ മായതിനാലും GIS അടിസ്ഥാനമാക്കി ആൻഡ്രോയിഡ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ പട്ടിക വർഗ്ഗക്കാരുടെ വിവര ശേഖരണം നടത്തി അതിന്റെ ഡാറ്റാ വാലിഡേഷൻ നടപടികൾ പുരോഗമിക്കുക യാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ഊരു കളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് അംബേദ് ക്കർ സെറ്റിൽമെന്റ് പദ്ധതി. അംബേദ് ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 101 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ആയതിൽ ഫീസിബിളായ 97 കോളനികളുടെ ഡി.പി.ആർ ലഭ്യമായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നല്കിയ 85 കോളനികളിൽ 84 |

| | | | |
|---|---|---|---|
| | | | കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു നൽകി. 55 കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| സി) | ആദിവാസി ഊരുകൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | ഉണ്ട്. ഊരുകൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾക്ക് അനുസൃതമായിട്ടാണ് നിലവിൽ പദ്ധതി രൂപീകരിച്ചു വരുന്നത്. ഊരുകൂട്ടങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും പരിശോധിച്ചാണ് പദ്ധതികൾ അംഗീകരിക്കുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഊരുകൂട്ടങ്ങളുടെ രൂപീകരണവും പരിശീലനവും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 750/03 തീയതി 03.09.2003 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**